

# NEWMAN 50 VOICE

1997

# Today our Quality is approved...




...by 1000's of students studying with us all over India. And that is the only approval we need.

The latest revolution of the world INFORMATION SUPER HIGHWAY (INTERNET) also include in our career courses.

Affiliated to

Central London College UK

LCC

**Lakhotia Computer Centre**

Over 500 Centers Nation wide

The Better Alternative

Pala Road, THODUPUZHA -685 584 ✆ 26077

Corporate Office: I -16, CIT Road, Calcutta - 700 014


# BETWEEN THE COVERS

NEWMAN COLLEGE

# VOICE

ANNUAL '97










COVER STORY
സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികം

FEATURES
മലയാളസിനിമയിൽ യുവതരംഗം

INTERVIEW
കുട്ടനാടിന്റെ പ്രിയപുത്രനുമായി ഒരഭിമുഖം

ARTS CLUB INAGURATION
പ്രൊഫ. വി. മധുസൂദനൻ നായർ

COLLEGE DAY
പ്രൊഫ. മാടവന ബാലകൃഷ്ണ പിള്ള

SPORTS DAY
വി.ആർ.ഹർഷൻ (ഇൻഡ്യൻ ഫുട്ബോൾ ടീമംഗം)

UNION INAGURATION
വേളൂർ കൃഷ്ണൻ കുട്ടി











Principal
Prof. M.C. John

Staff Advicer
Rev. Sr. Vigilia

Staff Editor
Jose Augustine

Student Editor
Tony Kuriakose

## സമർപ്പണം




*സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികത്തിൽ
ന്യൂമാൻ വോയ്സ് 96-97 മാഗസിൻ നമ്മുടെ
രാഷ്ട്ര പിതാവായ മഹാത്മജിയുടെ
സ്മരണയ്ക്കു മുൻപിൽ സമർപ്പിക്കുന്നു.*

# LEAD KINDLY LIGHT



## CARDINAL NEWMAN

**OUR PATRON**



Rt. Rev. Dr. George Punnakkottil Ph.D.D.D.

## OUR PRINCIPAL



Prof. M.C. John



**Rev. Fr. Thomas Malakudy**
Manager



**Rev. Sr. (Prof.) Vigilia**
Staff Advisor




**Rev. Fr. Paul Nedumpuram**
Burzar



**Prof. K.V. Joseph**
Vice Principal

# COLLEGE UNION 1996-'97




**Ebin K. Ephrem**
Chairman



**Juby Mathew**
Vice Chairman




**Laji Varghese**
General Secretary



**Tony Kuriakose**
Editor



**Ajesh Paul**
U.U.C.



**T.M. Mujeeb**
U.U.C.



**Sajikumar K.P.**
Arts Club Secretary


# NOMINATED MEMBERS


**James Thomas**
Sports Club Sec.


**Geo Kurian**
Debate Club



**Ajesh Joseph**
Quiz Club


**Benny Jose**
Planning Foram


**Refeeque P.I.**
Film Club


**Johny Joseph**
Agri. Club


**Sreepriya S.**
English



**Anish Peter**
History



**James Mathew**
Economics


**Ramesh T.S.**
Commerce

# ASSOCIATION SECRETARIES


**Alex M. Scaria**
Zoology


**Robin Zacharias**
Maths



**Pradeep Marattil**
Chemistry


**Viji Vijayan**
Physics

## BID FAREWELL TO..



**Prof. K.J. Thomas**
H.O.D.(Economics)



**Prof. Jacob Jose**
H.O.D. (Physical Education)



**Prof. Rosamma A.M.**
Dept. of English



**Prof. P.C. Mathai**
H.O.D. (Commerce)



**Rev. Sr. Ucrista**
Asst. Administrative

## REPRESENTATIVES



Binoy K.J.
II PG



**Reshma Raj**
Lady Rep.




**Bindu Joseph**
Lady Rep.




Tito J. Kannattu
II DC



Rajeeshkumar K.S.
III DC



**Sajith K. John**
II PDC



**Joby Sebastian**
I DC


# EDITORIAL BOARD




**Jose Augustine**
Dept. of English




**Elsy Augustine**
Dept. of Hindi



**K.M. Mathew**
Dept. of Malayalam



**Tony Kuriakose**
Student Editor




**Bonny Sebastian H3**
Sub Editor



**Sajeev Joseph H4**
Sub Editor



**Shibu Joseph K4**
Sub Editor



പ്രിയ കൂട്ടുകാരെ,

വിശ്വസൃഷ്ടാവിന്റെ അവിരാമമായ
അംഗുലീചലനം പോലെ
കാലപ്രവാഹത്തിനൊപ്പം ഒഴുകിയെത്തുന്ന
ആത്മാവിഷ്കാരാഭിലാഷം
ശിലാഖണ്ഡങ്ങളുടെ ചാരുത നോക്കിയ
പുരാതനമനുഷ്യന്റെ ആനന്ദനൃത്തം.
മാനിഷാദയിലെ ആദ്യകാവ്യോദയം
ക്യാൻവാസിലെ ദൃശ്യപ്രപഞ്ചപുനസൃഷ്ടി.
എവിടേയും കലയുടെ സ്പന്ദനം മാത്രം
ഗഗനം സ്വപ്നം കണ്ട് തോടു പൊട്ടിക്കാൻ വെമ്പുന്ന
കിളിക്കുഞ്ഞിന്റെ ഔത്സുക്യം പോലെ
ഇളം മനസ്സുകളിൽ വെമ്പൽ കൊള്ളുന്ന
സർഗ്ഗാഭിലാഷത്തിനൊരാവിഷ്കാര വേദി
ചിതറിക്കിടക്കുന്ന നുറുങ്ങുവെട്ടങ്ങൾക്ക്
ഒന്നിച്ചു ചേർന്നൊരു തീനാളമാകാൻ
ആലങ്കാരികതയുടെ അകമ്പടിയില്ലാതെ പറയട്ടെ
ക്രിയാത്മകമായ വിമർശനങ്ങളും വിലയിരുത്തലുകളും
സ്വാഗതം ചെയ്യുന്നു.
നിങ്ങളാണ് വിധികർത്താക്കൾ
എന്ന ഉത്തമ ബോദ്ധ്യത്തോടെ
നിങ്ങൾക്കു മുമ്പിൽ ഇത് സമർപ്പിക്കുന്നു.
സ്നേഹപൂർവ്വം

ടോണി കുര്യാക്കോസ്
(എഡിറ്റർ)

## UNION INAGURATION





Inagural Address
**Sree. Veloor Krishnankutty**



Presidential Address
**Ebin K. Ephrem**

## UNION INAGURATION



Principal
**Prof. M.C. John**



Vice Chairman
**Juby Mathew**



Union Advisor
**Rev. Sr. Vigilia**



General Secretary
**Laji Varghese**



Ganamela by
**Alappuzha Claps**



...of. P.G. Haridas
History




Prof. T.J. Joseph
Economics

## ASSOCIATION INAGURATION



Prof. V.C. Haris
English



Jose Kandoth FCA
Commerce



Dr. Kuruvila Joseph
Chemistry



Dr. K. Babu Joseph
Physics



Dr. Shaju Thomas
Zoology



Dr. A. Vijayakumar
Maths



## മനച്ചില്ലകളിൽ കൂടുകെട്ടി
# അനിയത്തിപ്രാവിന്റെ നായകൻ

ഗൃഹാതുരത്വമുണർത്തുന്ന പ്രണയനൊമ്പരങ്ങളുടെ കഥയുമായി 'അനിയത്തിപ്രാവ്' പ്രേക്ഷകലോകത്തെ കീഴടക്കിയപ്പോൾ നായകൻ സുതിക്ക് ജീവൻ നൽകിയ നടൻ കുഞ്ചാക്കോ ബോബൻ കന്നി അഭിനയത്തിലൂടെ അനിയത്തിപ്രാവിനോടൊപ്പം പ്രേക്ഷകമനസ്സുകളിൽ ചേക്കേറി. മലയാള സിനിമാ ചരിത്രവുമായി കെട്ടുപിണഞ്ഞുകിടക്കുന്ന ഉദയാ സ്റ്റുഡിയോയുടെ സ്ഥാപകൻ കുഞ്ചാക്കോയുടെ പൗത്രന് മലയാള സിനിമയുടെ ഇനിയുള്ള നാൾവഴികളിൽ വലിയ പങ്കുണ്ടെന്നതിന് ആദ്യ പടംതന്നെ തെളിവായി. ഒരു പിന്തുടർച്ചയുടെ യാദൃശ്ചികത മുത്തച്ഛന്റെ മരണം തേടിയെത്തിയ അതേ വർഷം ജനിച്ച കുഞ്ചാക്കോ ബോബനിൽ ഉണ്ടാകാം.



പലസംവിധായകരും നിർമ്മാതാക്കളും അനിയത്തിപ്പ്രാവിന്റെ നായകനെ തേടിയെത്തിക്കഴിഞ്ഞു. അഭിനയത്തേക്കാളേറെ വിദ്യാർത്ഥിയുടെ ഉത്തരവാദിത്വങ്ങളേക്കുറിച്ചാണ് മൂന്നാം വർഷ ബീകോം പരീക്ഷ കഴിഞ്ഞ് റിസൾട്ട് കാത്തിരിക്കുന്ന ഈ പുതുമുഖനടൻ ചിന്താധീനനായിരിക്കുന്നത്. ന്യൂമാന്റെ മാഗസിന് ഇന്റർവ്യൂ അനുവദിക്കുമ്പോൾ കുഞ്ചാക്കോബോബന് വിദ്യാർത്ഥികളുടെ ഇടയിലെ കൂട്ടുകാരുടെ മുഖം.

**ചോ:** അനിയത്തപ്രാവിനെ ജനപ്രിയമാക്കിയതിൽ സ്വന്തം പങ്കിനേക്കുറിച്ച് എന്താണ് പറയാനുള്ളത്?

**ഉ:** അനിയത്തിപ്രാവിനെ ജനപ്രിയമാക്കിയത് സംവിധായകന്റെ ജീനിയസാണ്. അദേഹം പറയുമ്പോലെ പ്രവർത്തിക്കുക മാത്രമാണ് ഞാൻ ചെയ്തത്. കാഴ്ചക്കാരുടെ വികാരങ്ങളെ നേരിട്ട് സ്പർശിക്കുന്ന ഒരു കഥാലോകം സിനിമയിലുണ്ടായിട്ടുണ്ട്. അതിനൊരു നടനെ ആവശ്യമായിരുന്നു. ഞാൻ അഭിനയിച്ചു. ആത്രയേയുള്ളൂ. പല സിറ്റുവേഷനിലും ഫാസിലങ്കിൾ അഭിനയിച്ചുകാണിച്ചു തന്നു. ഞാൻ അനുകരിച്ചു.

**ചോ:** ആദ്യ വിജയം ഈ രംഗത്തു തുടരാൻ ആവേശമായിട്ടുണ്ടോ?

**ഉ:** അഭിനയിക്കാനിളള ക്ഷണം പലയിടത്തുനിന്നും ഉണ്ടായിട്ടുണ്ട്. നല്ല റോൾ കിട്ടിയാൽ പരീക്ഷിക്കാമെന്നുണ്ട്. ആദ്യ വിജയം ആത്മവിശ്വാസം തന്നിട്ടുണ്ട് എന്നല്ലാതെ ആവേശമൊന്നും ജനിപ്പിച്ചിട്ടില്ല. മഹാനടന്മാരുടെ ലോകത്ത് ഒരുവിജയംകൊണ്ട് ആവേശംകൊള്ളാനൊന്നുമില്ലല്ലോ.

**ചോ:** എങ്ങിനെ സിനിമയിലെത്തി ?

**ഉ:** എന്നേ തിരഞ്ഞുപിടിച്ചത് അച്ഛന്റെ സുഹൃത്തുകൂടിയായ ഫാസിലങ്കിളാണ്. അദേഹത്തിന്റെ ഗൃഹപ്രവേശനത്തിന് ഞാൻ പോയിട്ടുണ്ടായിരുന്നു. പിന്നീടൊരുദിവസം അഭിനയിക്കാമോയെന്ന ഫോണിലൂടെ തിരക്കി. ആദ്യ

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Muvattupuzha

മൊക്കെ മടിയായിരുന്നു. എന്നു പറഞ്ഞാൽ ഒരു ടെൻഷനും പേടിയുമൊക്കെ. അഭിനയിക്കാൻ കൂട്ടുകാരുടെ വക പ്രേരണയുമുണ്ടായി. പിന്നെ രണ്ടും കൽപിച്ചഭിനയിച്ചു.

**ചോ:** ഇതുതന്നെ ജീവിതത്തിന്റെ വഴിയായി സ്വീകരിക്കുമോ?

**ഉ:** ഞാൻ സ്വീകരിച്ചാൽ പോരല്ലോ, എന്നേ പ്രേക്ഷകരും സ്വീകരിക്കണ്ടേ. എന്തായെ ങ്കിലും പഠനം തുടരാനാണ് പ്ലാൻ. എഴുതിയ പരീക്ഷയൊക്കെ നന്നായിരുന്നു. ക്യാൻസൽ ചെയ്ത പേപ്പർ സെപ്തംബറിൽ എഴുതണം.



**ചോ:** മലയാളസിനിമയുടെ ഇന്നത്തെ നിലവാരം ?

**ഉ:** നിലവാരത്തകർച്ച വന്നിട്ടുണ്ടെന്ന് ഞാൻകരുതുന്നില്ല. വിനോദമാർഗമെന്നനിലയിൽ നോക്കിയാൽ സിനിമ ഇന്നും വിജയമല്ലേ. T.V. യുഗത്തേ സിനിമ അതിജീവിക്കുന്നത് അതിനുള്ള തെളിവല്ലേ. ഉന്നത ചിന്താനിലവാരമുള്ള സിനിമകളുടെ എണ്ണം കുറവായിട്ടുണ്ട്. ചില സമർപ്പിത കലാകാരൻമാരൊഴികെ എല്ലാവരും പണത്തിൽ കണ്ണുവയ്ക്കുന്നതാവും കാരണം. അടൂർഗോപാലകൃഷ്ണന്റെ സാന്നിദ്ധ്യമുള്ള മലയാളസിനിമ ക്ഷയിക്കുന്നു എന്നു പറയാനാവില്ല.

**ചോ:** നമ്മുടെ നടീനടൻമാരോടുള്ള മനോഭാവം ?

**ഉ:** മോഹൻലാൽ, മമ്മൂട്ടി, തിലകൻ, കമലഹാസൻ എന്നിവരൊക്കെ തുല്യരാണ്. K.P.A.C. ലളിത, ശോഭന, മഞ്ജു വാര്യർ ഇവരൊക്കെ എനിക്കിഷ്ടപ്പെട്ട നടികളാണ്.

**ചോ:** സിനിമയ്ക്ക് പുറത്തുള്ള താൽപര്യം.

**ഉ:** സ്പോർട്സിൽ തകാൽപര്യമുണ്ട്. കുട്ടിക്കാലംമുതൽ പ്രസംഗം ഇഷ്ടമാണ്.

**ചോ:** വായന?

**ഉ:** ഞാനൊരു നല്ല വായനക്കാരനല്ല. കുട്ടിക്കഥകളൊക്കെയാണ് ഇപ്പോഴും താൽപര്യം.

**ചോ:** ഉദയാസ്റ്റുഡിയോ?

**ഉ:** എന്റെമനസ്സിലൊരു സ്വപ്നം ഉള്ളത് ഇക്കാര്യത്തിലാണ്. സ്റ്റുഡിയോയുടെ നല്ല കാലം വീണ്ടെടുക്കുക എന്റെ വലിയ ഒരാഗ്രഹമാണ്.

**ചോ:** ആരാധക ശല്യമുണ്ടോ?

**ഉ:** ഫോൺകോളുകളും കത്തുകളും ധാരാളം. സ്നേഹത്തോടെയുള്ള അഭിനന്ദനങ്ങളെല്ലാം സന്തോഷത്തോടെ സ്വീകരിക്കും.

**ചോ:** ന്യൂമാനിലെ കൂട്ടുകാർക്കെന്തെങ്കിലും സന്ദേശം.

**ഉ:** കൂട്ടുകാർക്കെല്ലാം എന്റെ സ്നേഹാന്വേഷണങ്ങൾ. വിജയാശംസകൾ.

K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Muvattupuzha

VOICE '97

# അൻപത് വർഷത്തെ ഇന്ത്യൻ സ്വാതന്ത്ര്യം

സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികത്തിലെത്തി നിൽക്കുന്ന ഒരു ജനതയുടെ ദേശീയവികാരം ഭൂരിപക്ഷം ഇന്ത്യാക്കാർക്കും അനുഭവേദ്യമാകുന്നുണ്ടോ എന്ന് വിശകലനം ചെയ്യുന്നതിലൂടെ, സ്വാതന്ത്ര്യത്തിലൂടെ നാം കടന്നുവന്ന നാൾവഴികളെ വിലയിരുത്താനാകും. ഈ അൻപതാം വാർഷികത്തിലും ഉയർന്നുകേൾക്കുന്ന ഒരു ചോദ്യമുണ്ട് – അതിപ്രകാരമാണ്. സ്വാതന്ത്ര്യത്തിന്റെ ശില്പികളുടെ സ്വപ്നം ശരിയായിട്ടുള്ളതായിരുന്നോ ? ആ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെട്ടോ ?

കുടുംബം, സൗഹൃദം, വൈയക്തികത തുടങ്ങിയ സകല വൈകാരികാശയങ്ങളേയും, മാത്രമല്ല സ്വജീവൻ പോലും തൃണവൽഗണിച്ച് ഒരു വലിയ ജനത 50 വർഷം മുൻപ് പോരാടിനേടിയ സ്വാതന്ത്ര്യത്തിന്റെ അരനൂറ്റാണ്ടുകാലത്തെ പരിണാമം ഒട്ടേറെ തലങ്ങളിലൂടെ ചർച്ചാവിഷയമാകേണ്ടതുണ്ട്.

## സർവ്വവ്യാപിയാകുന്ന സ്വാതന്ത്ര്യം.

ഇന്ത്യയ്ക്ക് ഒരു വിദേശാധിപത്യത്തിൽ നിന്ന് മോചനമായി. എന്നാൽ സ്വാതന്ത്ര്യം എന്ന അനുഭവം എല്ലാവർക്കും ലഭ്യമായോ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇന്ത്യൻ ജനത പേറിയിട്ടുള്ളത് കേവലം വൈദേശികാനുകരണം മാത്രമല്ല. ആഭ്യന്തരമായി അടിമത്ത്വമനുഭവിച്ചവരാണ് ഇന്ത്യൻ ജനത. അടിമയെ സംബന്ധിച്ച് ഗവൺമെന്റ് സ്വരാജ്യക്കാരനുണ്ടാക്കിയതായാലും വിദേശിയുണ്ടാക്കിയതായാലും അർത്ഥാന്തരമില്ല. നൂറ്റാണ്ടുകളുടെ ജാതീനുകം പേറിയ അധഃസ്ഥിതന് മോചനം ആദ്യം വേണ്ടത് സായിപ്പിൽ നിന്നായിരുന്നില്ല– ഇൻഡ്യാക്കാരിൽ നിന്നുതന്നെയായിരുന്നു. ഈ യാഥാർത്ഥ്യം ആരെക്കാളും ഗ്രഹിച്ചിരുന്നത് ഗാന്ധിജിയായിരുന്നു. രാഷ്ട്രീയ വിമോചനത്തെക്കാളും വലുത് സാമൂഹ്യ സ്വാതന്ത്ര്യമാണെന്ന് ചിന്തിക്കാനുള്ള ക്രാന്തദർശിത്വമായിരുന്നു ഗാന്ധി, അംബേഡ്കർ തുടങ്ങിയവരുടെ പ്രത്യേകത. ഈ യാഥാർത്ഥ്യം ഗ്രഹിച്ചിരുന്നതുകൊണ്ടാണ് അനേകരുടെ കണ്ണുനീരും കഷ്ടതയും തുടച്ചുനീക്കുകയാണ് സ്വാതന്ത്ര്യത്തിന്റെ ഒന്നാമത്തെ ധർമ്മമെന്ന് നെഹ്റു പ്രഖ്യാപിച്ചത്.

> **സ്വാതന്ത്ര്യത്തിലൂടെ സ്വയംകൃമാണ് നടക്കുന്നതെന്ന് വിലപിച്ചവരോട് ജൂലിയസ് നെരേര ചോദിച്ചത് ഇങ്ങനെയാണ്' സ്വയം അധഃപതിക്കുവാനും ഒന്നും നേടാതിരിക്കുവാനുമുള്ള സ്വാതന്ത്ര്യം ഉണ്ടെന്നുള്ളതുതന്നെ ഒരു നേട്ടമല്ലേ ?' സ്വാതന്ത്ര്യം അത്ര വിലയേറിയതാണ്.**

പക്ഷേ ഈ സ്വപ്നങ്ങൾ ഇന്നും സാക്ഷാൽക്കരിക്കപ്പെടാതെ നിൽക്കുന്നു എന്നതാണ് യാഥാർത്ഥ്യം. 21-ാം നൂറ്റാണ്ടിലേയ്ക്ക് തലനീട്ടുന്ന ഫ്യൂഡലിസം ഇന്ത്യൻ സാമ്രാജ്യത്തിന്റെ സ്വഭാവമാണ്. ജാതിയിൽ ഊന്നിയ ഫ്യൂഡലിസത്തിന്റെ എല്ലാ പൊതു തിന്മകളും ഭൂരിപക്ഷം ഇന്ത്യൻ ഗ്രാമങ്ങളും അനുഭവിക്കുന്നു എന്നത് നിരാശപ്പെടുത്തുന്ന സാമൂഹിക സത്യമാണ്. അടിമത്വം, നിർബന്ധിതജോലി, തുച്ഛവേതനം, ഭീകരമായ തീണ്ടലുകൾ, പിന്നോക്കക്കാരെ വേട്ടയാടുന്നതിലെ ഉത്തരേന്ത്യൻ ഉന്നജാതിക്കാരുടെ ആനന്ദം, കൂട്ടുകുരുതികളും ബലാത്സംഗങ്ങളും, തീവയ്പും ആട്ടിപ്പായിക്കലുകളും ഇതെല്ലാം ഇന്ത്യയുടെ സ്വാതന്ത്ര്യം സർവ്വവ്യാപിയായിട്ടില്ല എന്ന സത്യം നമ്മെ ബോധ്യപ്പെടുത്തുന്നു.

അയിത്തം നിരോധിക്കപ്പെട്ടിട്ടുണ്ട്. ജാതിവിലക്കുകൾക്ക് നിയമപരമായി സാധുതയില്ല എന്നതെല്ലാം നാം നമ്മെ ഭരിക്കുന്നതിന്റെ നേട്ടങ്ങളായി കണക്കാക്കാം. നിയമം നൽകുന്നത് അവകാശമായി നേടിയെടുക്കാനുള്ള തീഷ്ണമായ പരിശ്രമങ്ങവും, സമരങ്ങളും സ്വാതന്ത്ര്യത്തിന്റെ നേട്ടങ്ങളായിത്തന്നെ നാം കാണണം. സാതന്ത്ര്യം ഒരു പ്രഖ്യാപനത്തിലൂടെ വീട്ടുപടിക്കലെത്തുന്ന യാഥാർത്ഥ്യം ഒരിക്കലും ഒരിടത്തുമായിരുന്നിട്ടില്ല. അത് സുദീർഘമായ പരിണാമ പ്രക്രിയയിലൂടെ വികസ്വരമാകേണ്ട സത്യമാണ്.

അവശതയനുഭവിക്കുന്നവരുടെ ചെറുത്തുനിൽപും, പുരോഗമനപരമായ നിയമനിർമാണവും കൊണ്ട് മാത്രം ചെന്നെത്തേണ്ട തലങ്ങളാണ് ഇവയൊക്കെ. ജാതിസംവരണം, സ്ത്രീകളുടെ സമാനമായ മനുഷ്യാവകാശങ്ങൾപോലും നിഷേധിക്കുന്ന മതാധിഷ്ഠിതമായ സിവിൾ നിയമങ്ങളുടെ പരിഷ്കാരം ഇവയെല്ലാം സ്വാതന്ത്ര്യം പടർന്നെത്തുന്നു എന്നതിന്റെ ശുഭസൂചനയാണ്.

## നിലനിൽക്കുന്ന ജനാധിപത്യം.

ഇന്ത്യൻ സാവതന്ത്ര്യത്തിന്റെ

K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Muvattupuzha

# Microsoft

AUTHORISED TRAINING CENTRE

# FIRST TIME IN IDUKKI DIST.

## NOW AT THODUPUZHA

## OFFERS

**DIPLOMA IN COMPUTER MANAGEMENT**

**DIPLOMA IN COMPUTERISED FINANCIAL ACCOUNTING**

**DIPLOMA IN MICROSOFT OFFICE**

WITH PLACEMENT ASSISTANCE

*What We Signify*

- ★ *We provide the exceptional facility of* **Microsoft Certificates** *which are recognized World wide.*
- ★ *As an inducement to our student we provide* **Free Internet Training** *facility.*
- ★ *Ours is the only authorised centre for Training of TATA's Financial Accounting Software (TCS Ex - 3.0). Which has wide scope for employment in India and abroad.*
- ★ *Diploma in Computerised Financial Accountings is made easy for PDC Commerce students which highlights our vision of the 21st century.*
- ★ *Eligible candidates may be provided free Software Development Training.*
- ★ *Classes are being handled by very eminent, proficient and experienced instructors.*
- ★ *Very advanced Computer Systems with Air Conditioned Lab facilities.*
- ★ *A unique characteristic of our centre is its Facility for training in Arabic Word Processing which is a sure guarantee for obtaining Managerial Post in Gulf Countries.*

FREE!! INTERNET TRAINING FACILITY

datapro

DATAPRO INFOWORLD LTD.

COMPUTER EDUCATION DIVISION

NEAR EMPLOYMENT EXCHANGE, THODUPUZHA PH: 27499

FEES COMPARATIVELY VERY LOW

COMPUTER SPECIALISATION
MAKING YOU SUCCESSFULL




ന്നതിനാൽ ലോകത്തിന്റെ ഒരു കോണിൽനിന്നും അയക്കുന്ന സന്ദേശങ്ങൾ ഏതാണ്ട് തത്സമയംതന്നെ ലോകത്തിന്റെ മറുകോണിൽ എത്തും. തൻമൂലം ദൂരം എന്ന സങ്കല്പംതന്നെ ഇന്റർനെറ്റിൽ ഇല്ലാതായിരിക്കുന്നു. വാണിജ്യവ്യാവസായിക രംഗത്തുള്ളവർക്ക് അത്യന്തം ലാഭകരമായ ഒരു സംവിധാനമാണിത്. മൂന്ന് പേജുള്ള ഡോക്കുമെന്റ് വിദേശത്തേയ്ക്ക് അയയ്ക്കണമെങ്കിൽ 400 രൂപയോളം ചെലവാകുമെങ്കിൽ ഇന്റർനെറ്റിൽ അതിന് ഏതാണ്ട് 3 രൂപയേ വരൂ.

വാർത്തകൾ ശേഖരിക്കുവാൻ തല്പരരായിട്ടുള്ളവർക്ക് പത്രങ്ങൾ, മാസികകൾ മറ്റ് വിവരങ്ങൾ ഇവയെല്ലാം ലഭ്യമാണ്. വിദ്യാർത്ഥികൾക്കും ഗവേഷകർക്കും വേണ്ട പുസ്തകങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ മറ്റ് വിവരങ്ങൾ ഇവയെല്ലാം ഇന്റർനെറ്റിൽ നിന്ന് എടുത്തു കാണുകയും വേണമെങ്കിൽ പ്രിന്റ് എടുക്കുകയും ചെയ്യാം. എഴുത്തുകൾ അയയ്ക്കുവാൻ ഇന്റർനെറ്റിൽ ഇലക്ട്രോണിക് മെയിൽ സംവിധാനമുണ്ട്. നൂറു പേർക്കുള്ള കത്തുകൾ നൂറു ദിശയിലേയ്ക്ക് ഒരേസമയത്ത് അയയ്ക്കുവാനും സാധിക്കും !

വിവരങ്ങൾ ശേഖരിക്കുക വിനോദസഞ്ചാരം നടത്തുക എന്നിവയ്ക്കുപുറമെ ഇന്റർനെറ്റിലൂടെ ബിസിനസ്സ് ചെയ്യുവാനും സാധിക്കും. വസ്തുക്കളുടെ വിവരങ്ങൾ, അവയുടെ ലഭ്യത, വില, ഡിമാന്റ്, മാർക്കറ്റ് ഇവയെക്കുറിച്ച് അപ്പപ്പോഴുള്ള വിവരങ്ങൾ ശേഖരിക്കുവാനും അറിയാനും അവയെ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താനും ഇന്റർനെറ്റിലൂടെ സാധിക്കും. ബാങ്ക് ഇടപാടുകൾ സുരക്ഷിതമായ രീതിയിൽ ഇന്റർനെറ്റിലൂടെ സാധ്യമാകുന്നതാണ്.

ഇന്റർനെറ്റ് കണക്ഷൻ ലഭിച്ചതുകൊണ്ടുമാത്രം എല്ലാം പൂർത്തിയാകുന്നില്ല. അവരവരുടെ ആവശ്യങ്ങൾക്കനുസരിച്ച് ഇന്റർനെറ്റ് എങ്ങനെ ഉപയോഗപ്പെടുത്താം എന്ന് പഠിക്കേണ്ടത് ഇന്റർനെറ്റ് ഉപഭോക്താക്കളുടെ ആവശ്യമാണ്. ഒരു കമ്പ്യൂട്ടർ മോഡം, എസ്.ടി.ഡി. ടെലിഫോൺ കണക്ഷൻ, പ്രിന്റർ എന്നിവയാണ് ഇന്റർനെറ്റിന് വേണ്ട സംവിധാനങ്ങൾ.

നമ്മുടെ കമ്പ്യൂട്ടറിനെ ഇന്റർനെറ്റുമായി ബന്ധിപ്പിക്കണമെങ്കിൽ കമ്പ്യൂട്ടറിനെ ടെലികമ്മ്യൂണിക്കേഷൻ ശൃംഖലയുമായി ബന്ധിപ്പിക്കണം. ഇതിനു വേണ്ടി മോഡം എന്ന ഉപകരണം ആവശ്യമാണ്. കമ്പ്യൂട്ടറിലെ ഡിജിറ്റൽ സിഗ്നലുകളെ ടെലിഫോണിലെ അനലോഗ് സിഗ്നലുകളായി മോഡുലേറ്റ് ചെയ്യുന്ന ഉപകരണമാണ് മോഡം. ഈ സിഗ്നലുകൾ അതിന്റെ ലക്ഷ്യസ്ഥാനമായ കമ്പ്യൂട്ടറിൽ എത്തുമ്പോൾ മോഡം ഉപയോഗിച്ച് ഡിമോഡുലേഷൻ നടത്തി അനലോഗ് സിഗ്നലിനെ വീണ്ടും ഡിജിറ്റലാക്കുന്നു. ഈ ഡിജിറ്റൽ ഭാഷ മറുഭാഗത്തെ കമ്പ്യൂട്ടറിന് മനസ്സിലാകുന്നു.

മോഡങ്ങൾ തമ്മിൽ ഡേറ്റ കൈമാറുമ്പോൾ അവ കടന്നുപോകുന്നത് ടെലിഫോൺ ലൈനിലൂടെയാണല്ലോ. അപ്പോൾ ചില ബിറ്റുകൾ നഷ്ടമാകാൻ സാധ്യതയുണ്ട്. സന്ദേശം പൂർണ്ണമായും കൈമാറ്റം ചെയ്യപ്പെടുന്നില്ല എങ്കിൽ സന്ദേശമയച്ച മോഡം അതു വീണ്ടുമയയ്ക്കുന്നു. രണ്ടുമോഡങ്ങൾ തമ്മിലുള്ള പരസ്പരധാരണയെ എറർ കറക്ഷൻ പ്രോട്ടോകോൾ എന്നു പറയുന്നു.

ഇന്റർനെറ്റ് മെയിലുകൾ അയയ്ക്കുന്നത് ഒരു മെയിൻ സെർവ്വറിലേക്കാണ്. സെർവർ മെയിലിനെ അതിന്റെ ലക്ഷ്യസ്ഥാനത്തുള്ള മറ്റൊരു മെയിൻ സെർവ്വറിൽ ഒരു നിശ്ചിത സമയത്തിനുള്ളിൽ നിക്ഷേപിക്കുന്നു. IMAP, POP എന്നീ പ്രോട്ടോകോളുകളാണ് മെയിൻ സെർവ്വറിൽ ഉപോഗിക്കുന്ന സങ്കേതങ്ങൾ.

വാക്കുകളിലൂടെയുള്ള സന്ദേശങ്ങൾ മാത്രമല്ല നമുക്ക് മെയിൽ വഴി അയയ്ക്കാനും സ്വീകരിക്കാനും കഴിയുക. മൾട്ടിപർപ്പസ് ഇന്റർനെറ്റ് മെയിൽ എക്സ്ടെൻഷൻ എന്ന സങ്കേതമനുസരിച്ച് (MIME) കമ്പ്യൂട്ടർ ഫയലുകളും ചിത്രങ്ങളും മെയിലിൽ അറ്റാച്ചുചെയ്ത് ഉൾക്കൊള്ളാവുന്നതാണ് മെയിൽ സോഫ്ടുവെയറുകൾ. ഇന്റർനെറ്റിൽ ബന്ധപ്പെട്ടിരിക്കുമ്പോൾ ഒരു നിശ്ചിതസമയത്തിനുള്ളിൽ സെർവ്വറിൽ പുതിയ സന്ദേശങ്ങളും എത്തുന്നുണ്ടോ എന്ന് പരിശോധിച്ചുകൊണ്ടിരിക്കണം. അതിനായി നമ്മുടെ ക്ലയന്റ് സോഫ്ടുവെയറിൽ പോപ്പ് സെർവ്വറിന്റെ അഡ്രസ്സ് കൊടുക്കേണ്ടതാണ്.

ഒരു വ്യക്തിക്ക് ഒരു പ്രത്യേക സമൂഹവുമായി ആശയവിനിമയം സാധ്യമാക്കുന്ന സങ്കേതമാണ് യൂസ്നെറ്റ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങൾക്ക് അവരുടെ താത്പര്യങ്ങളും വികാരങ്ങളും ചിന്തകളും ആശയങ്ങളും അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാനും കഥകളും, കവിതകളും, ഗോസിപ്പുകളും, ഉപദേശങ്ങളും, സംശയങ്ങളും സംശയനിവാരണങ്ങളും എല്ലാം പങ്കുവെക്കാനാവുന്ന ഒരു ഇലക്ട്രോണിക് മാധ്യമമാണ് ഓരോ ന്യൂസ് ഗ്രൂപ്പും. അനേകായിരം ന്യൂസ് ഗ്രൂപ്പുകൾ ചേർന്ന ഒരു ഇന്റർനെറ്റ് ശൃംഖലയാണ് യൂസ്നെറ്റ്. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട k12, സയൻസിനെക്കുറിച്ച് സംസാരിക്കുന്ന SCI, സമൂഹത്തേയും സംസ്കാരത്തേയും കുറിച്ച് പറയുന്ന SOC, ഹോബികളും കലകളും വിഷയമാക്കുന്ന REC, കമ്പ്യൂട്ടർ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന COMP എന്നിവ സൂപ്പർ ന്യൂസ്ഗ്രൂപ്പുകളാണ്.

ഓരോ ന്യൂസ് ഗ്രൂപ്പും ഒന്നോ അതിലധികമോ കമ്പ്യൂട്ടറുകളിലാവും നിലനിൽക്കുക. ഈ കമ്പ്യൂട്ടറുകളെ ന്യൂസ് സെർവ്വറുകൾ എന്ന് വിളിക്കുന്നു. ഇവയിലുള്ള ഓരോ സന്ദേശവും നമ്മുടെ മുമ്പിലെത്തുന്നത് 'തന്തുക്കൾ' ആയിട്ടാണ്.


**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Muvattupuzha



She & Me

HERBAL BEAUTY PARLOUR &
LADIES TAILORING CENTRE

PALA ROAD, THODUPUZHA

MAKE YOUR DREAMS TRUE WITH INTERNET



MOSS


COMPUTERS
MANNOOR BUILDINGS
MAIN ROAD, THODUPUZHA
PH: 24177

JOIN INTERNET

BHARATH

ALUMINIUM FABRICATORS
Near Union Bank
THODUPUZHA - 685 584

Mfrs. of Aluminium Handrails, Showcase, Sliding Windows, Partition, Doors, Cealing etc








NISHA GEORGE F2

# गुलाब

हरित त्रणों का आलिंगन कर,
पुलकित होती तू प्रकृति-देवि
सुमनों का तिलक लगाकर,
नाच रही है सौन्दर्य - रानी।
गाती बहती छोटी नदियां,
आती है पहाडों के दिल से,
बहती है वे कलकल स्वर से,
गिरती है वे सागर तल में ।
चिडियां कल-कूजल करती है;
गाती है वे तेरा प्रेमगान
उठकर तू देख प्रकृति देवि,
सैन्दर्य तेरा सहचारी है ।
दीप जला दे प्रकृति देवि,
हमें देखना तेरा सैन्दर्य,
देख-देख मन भर आता है ।
कौन करेगा तेरा सैन्दर्य वर्णन ?
देख देवि नीलाकाश को,
हँसता आता पूरब में सूर्य-देव,
झाँक देखता सैन्दर्य तेरा,
मिलता है तुझे धवल प्रकाश ।
देख देवि उस प्रकाश में,
अत्युज्वल होता तेरा ह्रदय-भाग,
असमें दीखती एक फुलवारी,
किसने बनायी यह सुन्दरतम ।
देख असके मध्य भाग में,
विकसित एक गुलाब का फूल,
मधु पीता भ्रवर मत्त हो,
सैन्दर्य पीकर मत्त होते लोग ।
देख काँटे है उसके चारों ओर,
काँटों के मध्य में सुशोभित वह,
जगत का मनहर फूल था,
प्रतीक होता था स्वोर्त्तम सैन्दर्य का ।
देखो मानव प्रकृति - माता का यह,
अक्षय - अनश्वर अभिराम दीप,
जाओ इसके उज्वल प्रकाश में,
मिलेगा तुमको मार्ग और सन्देश ।

K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Muvattupuzha

# The Aims of UNIVERSITY EDUCATION

JESTIN JOHN K4

The primary purpose of all liberal education is to make man a better man. In other words, education is prolonged civilizing process. According to Prof. Whitehead, a distinguished educationist, civilization is made up of :-

1. Patterns of behaviour
2. Patterns of emotion
3. Patterns of belief
4. Patterns of technologies

The keys of the happy and harmonious development of the first three is education. Education should enable students to build up proper patterns of behaviour and beliefs, habits, out-looks and attitudes. The ideals should reach them as the distilled essence of the rich minds of teachers who have imbibed the ideals. Thus the supreme function of a university is to kindle the vision, to distinguish between the good and the evil, the beautiful and the ugly and the just and the unjust. Universitiies should educate the young with the proper standards of efficiency, intelligence, social sensitiveness and moral courage which this new world badly needs today. Thus education should equip students to meet the challenges of life.

Another purpose of higher education is the advancement and dissemination of knowledge. The horizon of knowledge is expanding very fast and universities should perform the function of ordering and systematizing knowledge. The libraries are the rich treasure-houses of knowledge. This knowledge is passed on from generation to generation. Further, the universities conduct, guide and promote research in various branches and thus add tremendously to the sum total of knowledge.

Broadly speaking the education that is provided by a university is of two kinds - technical o progressional training and liberal education. Techn cal training provides the necessary skill, efficiency an equipment in professions like Engineering, Medicin Law and commerce. It thus equips young people fo different professions and trades, without which n civilized society can function. Technical training pr duces quick and practical results.

Liberal Education consists in the teachin and learning of languages and literature, history, ph losophy and the like. Such learning ennobles one attitude to life; enlarges one's vision and strengthe one's intellect. In otherwords, it leads to self -deve opment and enables one to meet the triumphs an tragedies of life with a balanced mind. Such a min can meet the critical situations in life with greater cou age and confidence.

Finally, the system of education must b modelled according to the national aims and aspir tions of each country. It should foster a sense of n tional unity. It should educate the younger gener tion to grow into law abiding, responsible and use citizens. It should root them in a sense of nation values and then foster in them a cosmopolitan o look. The concept of one world is becoming a real So universities which are temples of learning shou aim to develop in the younger generation a spirit universal brotherhood and unity.

It is the paramound duty of a university engage the energy of young men and women wi flode there in the services of the nation and of h manity at large. A University that fails to achieve th noble objective does not deserve to be called a U versity. On the contrary successful international a tivity at university level will lead to the creation of brave new world - a happy, harmonious, prospero and enlightened society.

K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Muvattupuzha






ANILKUMAR E.V. M3

# രാത്രിയും ഞാനും

നെറ്റിയിൽ നൊമ്പരത്തിന്റെ
തിരിവെച്ച്, വേനൽപ്പാദ-
മമർത്തി നീ യെന്നെ
യിരുട്ടിലേക്കയക്കുമ്പോളമ്മേ
ജാതകങ്ങളിൽ പറക്കുന്ന
കാക്ക ക്കൂട്ടങ്ങൾ തീ പിടിച്ചു
വീഴുമ്പോളമ്മേ
നിന്റെ ഹരിശ്രീ പകർന്ന
കണ്ണുകളാലെന്നെ
തൊട്ടിലാട്ടിയ പഴങ്കയറിന്റെ
മുറിവിൽ കത്തുന്ന ഗ്രീഷ്മങ്ങളിൽ
കഴുമരങ്ങളുടെ
നിരകൾക്കുമപ്പുറം
കളിവണ്ടിയുരുട്ടു വാനെന്നെ
നീ വെന്ത വിരലുമായി
പറഞ്ഞയക്കുമ്പോളമ്മേ
ഒരു പൊക്കിൾ ക്കൊടിത്തുമ്പിൽ
വസന്തം പറന്നത്
നഷ്ടരാത്രികളിലേക്കോ
വ്യർത്ഥമാം വെയിലാഴിയിൽ
പേനമുക്കി ഞാൻ നിന്റെ
പിളർന്ന നാവിന്റെ
ചിത്രം കുറിക്കുമ്പോൾ
വെടി കൊണ്ടച്ഛന്റെ
മുതുകിലായിരം ഗന്ധക
ച്ചിതകൾ കത്തുമ്പോൾ
അന്തിയരിക്കലം തേച്ചെന്റെ
കണ്ണിൽ നീ ഇല്ലായ്മകൾ
കൂട്ടി ചോറുവിളമ്പവേ
കാത്തിരുപ്പു കണ്ണെഴുതി
കരച്ചിലും പതിരുള്ള
സ്വപ്നവും കടിച്ചുമുറിച്ച
ശ്വാസനാളവുമായ് ഞാൻ നിൽക്കവെ
എന്തിനായിരുന്നു
പച്ചകുത്തിയ ചുണ്ടാൽ നീയെന്റെ
പുരുഷാർത്ഥങ്ങളെ കുടിച്ചുവറ്റിച്ചത്?
നട്ടുച്ചയിലുപ്പുറഞ്ഞ
കൊയ്ത്തു പാട്ടിൽ
കലാപവും ചുണ്ടി വന്ന
മിഴിയിലെല്ലും മൂടിയും
ബാക്കിയാവുമ്പോളമ്മേ
നിഴൽ വെച്ചു പോകുന്ന
സത്രച്ചുവരുകളിൽ
നിലവിളക്കിൽ നിന്നെരിയുന്ന
മജ്ജയും മാംസവും
ഒരു മിഴിപ്പാടിനപ്പുറം
ഒരു ചിരികൂട്ടിനപ്പുറം
നടയിറങ്ങി, പടിപ്പുരചാരി
നീയെന്നെ ത്താരാട്ടിൽ
തീ വെച്ചു പോകുന്നോ ?
മുലപ്പാലിൽ വിഷംചേർത്തു
പോകുന്നോ അമ്മേ.



നീ ചൂണ്ടി തന്ന പുരങ്ങളിൽ
കണ്ണും നീട്ടി.
നീ കാട്ടിതന്ന ഇരുളിൽ
പറന്നൊട്ടി.
നീയരുളിയ മലകളിൽ
കല്ലുരുട്ടി.
ഒരു മണികിലുക്കത്തിൻ
ചില്ലുവാതിലിനപ്പുറം
നീയെന്നെ, പിരിഞ്ഞു
പോകുമ്പോൾ
പിന്നേയും, പുലരിക്കു
നറും മുലപ്പാലുമായി-
എഴുതിരിയിട്ടു.
നീ ചിരി കത്തിയ്ക്കുമ്പോൾ
എന്തിനാണമ്മേ-
രാവിന്നറുതയിൽ
നീ ചന്ദനപ്പുകയാർന്നത്
നീ തന്ന ചുംബനം പോലും
മരവുരി ചുറ്റിയിരിക്കുമ്പോൾ
നെറ്റിയിൽ നൊമ്പരത്തിരിവെച്ച്
വേനൽപ്പാദമമർത്തി
നീയെന്നെ പാതാള-
ത്തിലേയ്ക്കു യാത്രയാക്കുന്നു.

K.P. Chacko & Sons Kakkanattu Jewellers
Thodupuzha, Kothamangalam, Perumbavoor, Muvattupuzha

പ്രമുഖ കമ്പനികളുടെ

# പാദരക്ഷകൾക്ക്!



Shoe garden

WOODLAND
ACTION
BATA
LIBERTY
SCHOOL BAGS
VANITY BAGS
& ARISTOCRAT
SUITCASES

GOKULAM TOWERS,
MUVATTUPUZHA ROAD,
THODUPUZHA.







JOSEKUTTY JOSE E1

## ജീവിതം

സൂര്യാസ്തമനസമയം അടുത്തു
മറയാൻ വെമ്പുന്ന സൂര്യനെ പോൽ
മനുഷ്യരും വീടുകളിലെത്താൻ വെമ്പുന്നു
കൂട്ടംകൂട്ടമായി പക്ഷികൾ പോവുംപോലെ
മനുഷ്യർ കൂട്ടംകൂട്ടമായി സഞ്ചരിക്കുന്നു
പക്ഷികൾ നാളേയ്ക്കു സംഭരിക്കുന്നില്ല
മനുഷ്യനോ കൂടുതൽ സംഭരിക്കുന്നു
നശ്വരമാം ജീവിതത്തിനുവേണ്ടി
അവൻ സർവ്വവും ത്യജിക്കുന്നു
സ്വന്തം സമയം പാഴാക്കുന്നവൻ
ജ്ഞാനിയെന്ന് സ്വയം അഹങ്കരിക്കുന്നു
അവൻ വിഡ്ഢി ! പമ്പരവിഡ്ഢി !



## പ്രണയം



K. VIJAYAKRISHNAN L4



ഒരു ഉച്ച സ്വപ്നവുമായ് ആഹ്ലാദത്തിൻ പൂത്തിരിയുമായ്
ക്യാമ്പസിൻ തിരക്കാർന്ന വീഥിയിൽ
മെല്ലെ നടക്കവെ, ഞെട്ടി ഞാൻ തിരിയവെ,യെൻ
പിറകിൽ ഒരു 'രാക്ഷസൻ'
ഹൃദയത്തിൻ വേഗതകൂടി, ഞാൻ ഭയന്നതു പിളരുമോ ?
കാലുകൾക്കു വേഗതകൂടവെ, യവൻ മൊഴിഞ്ഞു കഠോരമായ്
'ഞാൻ നിന്നെ പ്രണയിക്കുന്നു '

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Muvattupuzha




For multi colour offset printing and computerised type setting

**Sudha Offset Printers**

**MARKET ROAD, THODUPUZHA**

☎ 24297

The Leading Institute In Idukki District

Established in 1987

**CARMEL COMPUTER CENTRE**

JYOTHI SUPER BAZAR, THODUPUZHA. PH : 25068

*Regd by Govt. of Kerala with S S E No. 01038/88*

*Move them 10 years experience in Computer Training*

A NEW BATCH WILL BE STARTED FOR ORACLE, POWER BUILDER, WINDOWS '95, DCA, PGDCA, ADVANCED PGDCA, DTP, GULF PACKAGE, ACCOUNTING PACKAGE, MS-OFFICE & SHORT TERM COURSE ETC

WE UNDERTAKE ALL TYPE OF DTP WORKS & SOFTWARE DEVELOPMENT.



നശിച്ച നഗരം. അതിലെ കെട്ടുപിണഞ്ഞ വഴികൾ.

വഴികളിലെന്നും കാണുന്ന മുഖങ്ങൾ. ആ മുഖങ്ങളിൽ ഒരുവൾ.

ഒരു ബന്ധത്തിന് തുടക്കമിട്ടത് അങ്ങിനെയായിരുന്നു.

പലപ്പോഴായി അവൾ പറഞ്ഞു.

നാട്ടിൽ പുഴക്കരയിലെ കുന്നിൻ മുകളിൽ വിശ്രമിച്ചിരുന്ന ദൈവങ്ങളെ പറ്റി.

വാർദ്ധക്യം ചാലുകീറിയ ഒട്ടിയ കവിൾത്തടങ്ങളെ ആശ്വസിപ്പിക്കുന്ന വെള്ളിക്കമ്പികളും ചുമലിൽ മുട്ടുന്ന ഊഞ്ഞാൽ കാതുകളും കൊച്ചുനാസികയിൽ ഉരുണ്ട മൂക്കുത്തി തുളയുമുള്ള മുത്തശ്ശിയെപ്പറ്റി.

അച്ഛനെപ്പറ്റി, അമ്മയെപ്പറ്റി, ചേച്ചിയെപ്പറ്റി.

നിറങ്ങളായിരുന്നു അവളുടെ കൂട്ടുകാർ.

ഒരോണക്കാലം.

ആറുമാസച്ചെടിയിൽ ഒരു ക്ലിപ്തസമയത്ത് തേൻ നുകരാനെത്തുന്ന വർണ്ണച്ചിറകുകളുള്ള ഒരു ശലഭം.

ഒന്നിനെ പിടിക്കാൻ സാഹസപ്പെട്ട ഒരു സായാഹ്നം.

"എന്തിനാടീ അതിനെ നോവിക്കണെ".

അച്ഛന്റെ പരുക്കൻ ശബ്ദം. ഒന്നു ഭയപ്പെട്ടു. കൈയ്യിലൊതുങ്ങിയ ശലഭം തെന്നി പറമ്പിലെവിടേക്കോ പറന്നുയർന്നു. കുറേ നേരം അതിനു പിറകെ കണ്ണുകളെത്തി.

പൂർണ്ണമായി വിരിഞ്ഞു നിൽക്കുന്ന ആറുമാസപ്പൂവ്. ചുവന്ന പൂക്കൊണ്ടയിൽ തൊട്ടുനോക്കി. ചെറിയപൂക്കൾ. എണ്ണത്തിൽ ഒരായിരം.

വെറുതെ ഇരുന്നപ്പോൾ കരിയും ചോക്കും കൊണ്ട് ഇഷ്ടികത്തറയിൽ ഒരു ചിത്രമെഴുതി.

ചിത്രം അച്ഛനും അമ്മയും വന്നു നോക്കി. ഓരോന്നും പറഞ്ഞു. ആരും മോശമാണെന്ന് പറഞ്ഞില്ല.

അവിടെനിന്നും ഈ നഗരത്തിലെ ഒരു ചിത്രകലാ വിദ്യാർത്ഥിനിയായി.

ഒഴിഞ്ഞ സായാഹ്നങ്ങളിൽ തിരക്കുപിടിച്ച നഗരവീഥികളിലൂടെ അവർ നടന്നു.

പടിഞ്ഞാറുനിന്ന് തണുത്ത കാറ്റു വീശുന്നു. സമുദ്രത്തിന്റെ ആഴങ്ങളിൽ ബന്ധിതമായ വേനൽചൂടിന്റെ കൈകൾ നഗരത്തിനു നേർക്ക് ആഞ്ഞു വീശിക്കൊണ്ടിരുന്നു.

അവളുടെ വാചാലമായ മൗനങ്ങളിലൂടെ രവി അവളെ കാണുകയായിരുന്നു.

ഹയലുകളിൽ കണ്ണുനട്ട് വിരസമായ ദിവസങ്ങളുടെ അന്ത്യത്തിൽ അവളൊരു ആശ്വാസമായിരുന്നു.

നാട്ടിൽ അമ്മ അവളെ കാത്തിരിക്കുന്നു. തന്റെ കത്തുകളിലൂടെ അമ്മയ്ക്ക് അവളെ പരിചയമായിരിക്കുന്നു. പക്ഷേ,

"അച്ഛനേയും അമ്മയേയും വേദനിപ്പിക്കാൻ വയ്യ രവീ". എത്ര ലാഘവത്തോടെ പറഞ്ഞു അവൾ.

പിടിച്ചടക്കാൻ തോന്നിയില്ല, തട്ടിപ്പറിക്കാനും. കാരണം താനവളെ സ്നേഹിക്കുന്നു. അവളുടെ സന്തോഷമാണ് തന്റെ സ്വർഗ്ഗം.

സമയമെത്രയായി ? നാലര.

അഞ്ചുമണിക്ക് മുമ്പ് കാണണമെന്നല്ലേ അറിയിപ്പ് ?

ഗീതു ഒളിച്ചുവച്ചിരുന്ന രവിയുടെ



കത്തെടുത്തു. അതവൾ നിവർത്തി. വെളുത്ത കടലാസിലെ കറുത്ത അക്ഷരങ്ങൾ.

"നാളെ ഗീതു പോകുന്നു. എന്നറിഞ്ഞു. ഒരൽപം ദയ കാണിക്കൂ. ഇഷ്ടപ്പെട്ടുപോയ ആ മുഖം ഞാനൊരിക്കൽ കൂടി കണ്ടോട്ടെ."

നേരിൽ പറയാറുള്ള അതേ വാക്കുകൾ. ഒരു മിന്നൽ പോലെ വന്നു കയറിയ മമത. അതിന്റെ ആഘാതം........

ഗീതു കത്തു മടക്കി.

ഇന്നു പോകണം. ആർത്തിയോടെ അടുക്കുകയും അകലാൻ ആവശ്യപ്പെട്ടപ്പോൾ അനുസരിക്കുകയും ചെയ്ത ഒരു പുരുഷന്റെ മോഹം.

ജീവിതത്തിലെ ലാഭനഷ്ടങ്ങൾ തൂക്കി നോക്കിയിട്ടില്ലല്ലോ ?

കണ്ണാടിയിൽ കണ്ട മുഖം. അതു ക്ഷീണിച്ചിട്ടുണ്ടോ ?.

ഗീതു പുറത്തേയ്ക്ക് നോക്കി.

കറുത്ത മേഘങ്ങൾ.........

ഇന്നു മഴ വീഴുമോ ?

അവൾ ഇറങ്ങി.

ഹോസ്റ്റൽ ഗേറ്റിലെ പാറാവുകാരൻ പതിവിലും കൂടുതലായി ചിരിച്ചുകൊണ്ട് തിരക്കി.

"നാളെ പോകുന്നു അല്ലേ?"

"ഉം".

രവി ബസ്സ്റ്റോപ്പിൽ നിന്നിരുന്നു.

അടുത്തെത്തി. അവിടെ മൗനത്തിന്റെ "തനിച്ച്"

"ഞാനും വരട്ടെ" രവി പറഞ്ഞു. വെറുതെ അവൾക്കുത്തരമില്ല.

"അത്രയും നേരം കൂടി കാണാമല്ലോ". എന്തൊക്കെയോ കാണണമെന്നുണ്ട്. പക്ഷേ ഗീതുവിനെ കാണുന്ന നിമിഷങ്ങളിൽ അവയെല്ലാം കൈമോശം വരുന്നു.

അവർ പണ്ടു പോയിട്ടുള്ള ഹോട്ടലിന്റെ ലോണിലെത്തി. അതേ വർണ്ണക്കുടയ്ക്കു കീഴിൽ.

പക്ഷേ, അവിടെ അധികനേരം ഇരിക്കാൻ കഴിഞ്ഞില്ല. മഴ ചാറിത്തുടങ്ങി.

" ഒരു മുറിയെടുക്കട്ടെ" അയാൾ പറഞ്ഞു.

" ഒട്ടും ഭയപ്പെടേണ്ട, ഞാൻ എന്നത്തെയും പോലെയേ പെരുമാറൂ".

ഗീതുവിനു ഭയമായി.

പുരുഷന്റെ ക്രൂരതയ്ക്ക് ഒരു മുഖമില്ലേ! അതും ഒരു യുവതിയെ തനിച്ചു കിട്ടുമ്പോൾ..........

" വേണ്ട രവീ, മഴ മാറും".

മഴ മാറിയില്ല. അതു കൂടിക്കൂടി വന്നു.

ഹോട്ടലിന്റെ ലോബിയിൽ അവർ നിന്നു. പുറത്ത് എഴുന്ന മഴയേ നോക്കി, മഴയുടെ ശക്തി പെട്ടെന്നു നിന്നു.

" ലെറ്റസ് വാക്ക്".

നേരിയ ചാറ്റലിൽ അവരിറങ്ങി നടന്നു.

ചെറിയ മഴത്തുള്ളികൾ മുഖത്തു വീണുകൊണ്ടിരുന്നു.

ഇത് വഴിത്തിരിവാണ്..........

റോഡിനു നടുവിൽ ചുമന്ന കണ്ണുകളുള്ള ട്രാഫിക് സിഗ്നൽസ്.

അത് മാറി. ആദ്യം മഞ്ഞ, പിന്നെ പച്ച.

അയാൾ വെറുതെ ചോദിച്ചു.

" വരുന്നോ"

ഇല്ല എന്നർത്ഥത്തിൽ അവൾ തലയാട്ടി.

അവന്റെ മിഴികൾ നിറഞ്ഞുതുളുമ്പി.

"ബൈ. ബൈ"

ഇളം കാറ്റിൽ കൊഴിഞ്ഞ ഒരു പൂവു പോലെ അവൾ നടന്നുനീങ്ങി.

അവൾ നടന്നു നീങ്ങുന്നത് രവി നോക്കിനിന്നു. പിന്നെ അവ്യക്തമായി,

ആ മുഖം, നീളം കൂടിയ കണ്ണുകൾ..............

തനിക്ക് മറക്കാൻ കഴിയുമോ?

അയാൾ മെല്ലെ തിരിഞ്ഞ് രണ്ടാമത്തെ വഴിയിലൂടെ യാത്ര തുടർന്നു.

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Muvattupuzha

# INDIA OF MY DREAMS

DIMPLE AUGUSTINE C5

*"Where the mind is without fear*
*And the head is held high;*
*Where knowledge is free*
*Where the world has not broken up into*
*fragments by narrow domestic walls;*
*Where words comeout from the depth of truth*
*Where lineless striving stretches its*
*arms towards perfection;*
*Into that heaven of freedom, my*
*Father, let my country awake"*


This was the dream of Tagore. It has been lost as the world has been rushing fast towards materialism. India of my dreams is an admixture of the virtues of the past and the realities of the present. Now people become submissive. They lost their honour. It is to be revive.

The people of India should have confidence that they can stand on their own. The misguided leadership in the throwing the country into the arms of multinational contry. It will make as slaver in the field of industry business. The present generation can realise the dream through mental superiority and scientific development. The land of my dreams is not a land of mere business tycoons. This is the land of the riches and the poor. I dream of a nation of affluence but not dominated by the affluent.


Education is the soul of a nation. The India of my dream is a land of 100% educated people. Let our country have people who are really educated so that they may think about the welfare of the society and strength of the nation. It is through education that we can retain our culture, control our population, reject dogmas and the false history that was return by the foreigners and the retained by selfish leaders.


India of my dream is a land where there is no barriers. Everyone will be honourable citizen. Everyone will have same social status. The malechauvinism will disappear and women will enjoy the same status as in enjoyed by men. Let this dream will be a Reality.

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Muvattupuzha



# TECHNICAL ASSISTANTS



Dipu C. George M3


Rajendran N.K. C1


Jins Jacob H3


Nishad T.A. B1



Anish M.K. J1



AnilKumar K. K1



Abhilash N. C3


Shijimon Jacob H2


Saju Paul E4


Tony John E3


Anish Abraham A2


Moideen M.B. H4


Lavin Jose K1


Jemalda P3


Preethi P.R. K4


Jean Kuriakose E3

# N.S.S.



Inagurated by D.Y.S.P. John Willaim



**Sini Mary Jose**
Volunteer Secretary



**Manoj P.**
Volunteer Secretary



**James Mathew**
Best Worker, MGU



**Jyothis Jacob**
Best Worker, MGU



**Rafeeque P.I.**
Best Worker, MGU



**Suhara T.H.**
Best Worker, MGU



**Babu K. George**
Best Worker



**Delite Augustine**
Best Worker

# N.C.C.





**Manoj N.A.**
U/O




**Vincent John**
U/O Senior




**K.S. Sabu**
C.S.M.


## WINNERS OF ARTS & SPORTS 1996-'97



**Mahesh M. B2**
Shuttle



**Rajendran P.R. E5**
Walking



**Josekutty J. Panackal E4**
5000 Mts.



**Reji P.K. E3**
Best Actor



**Sebastain P.J. E5**
Kalaprathibha



**Ajesh Joseph Z4**
Mal. Eng. Elocution



**Sindhu Thomas L5**
Single Dance



**Celina K.S. H4**
Chess



**Prajeesh C. Mathew K4**
Chess


## SPORTS DAY



Inagurated by P.R. Harshan



March Past



Karate Display




Two-Sheeler Fancy Dress



Pramod Joseph H4
Mr. Newman



Simi Stephen L5
Miss. Newman



Subin George K2
Intervarsity Prize Holder



Mr. Skelton

## COLLEGE TEAM



Vollyball



Football



Cricket



Athlete (Men)




Athlete (Women)



Power Lifting


## STARS OF NEWMAN



Assis K.P. H4
Triple Jump



Najeeb K.E. J1
Football




Pleasent Martin L3
Power Lifting



Pradeep M.N. J1
Wrestling Champion



Vahid T.H. H4
Vollyball



Taj M.B.
Athlete



Sreeraj T.R. A2
Dist. Cricket Player




Bobby George K2
Dist. Cricket Player



Siddique V.M. Z4
Chess Champion



# കുട്ടനാടിന്റെ പ്രിയ പുത്രനുമായി ഒരഭിമുഖം.



മലയാളത്തിന്റെ യശ്ശസ്സ് വിശ്വത്തിന്റെ നാലു ദിശകളിലും എത്തിച്ച വിശ്വവിഖ്യാതനായ 'തകഴി'യുമായി ഒരു കൂടിക്കാഴ്ച നടത്തുക. അദ്ദേഹത്തിന്റെ സന്ദേശം ന്യൂമാനിലെ എന്റെ സഹപാഠികൾക്ക് പകർന്നുകൊടുക്കുക;- ഈ ആഗ്രഹത്തിന് സഫലീകരണം വന്നത് ജൂൺ മാസത്തിലെ ചന്നംപിന്നം മഴ പെയ്യുന്ന ഒരു പ്രഭാതത്തിലായിരുന്നു.

അന്നൊരു ബുധനാഴ്ച ആയിരുന്നു. കൃത്യമായി പറഞ്ഞാൽ 1997 ജൂൺ മാസം 18-ാം തീയ്യതി. തിരുവല്ലായിൽ നിന്നും തകഴി ഗ്രാമത്തിന്റെ "മിടിപ്പ്" എന്ന് വിശേഷിപ്പിക്കാവുന്ന പമ്പയാർ, ജങ്കാറിൽ കടന്ന്, തകഴി-അമ്പലപ്പുഴ റോഡിൽ വഴിയോരത്ത് സ്ഥിതി ചെയ്യുന്ന ശങ്കരമംഗലം തറവാട്ടിലെത്തുമ്പോൾ സമയം രാവിലെ 10:30. കോളിംഗ് ബെല്ലടിക്കേണ്ടി വന്നില്ല. അതിനു മുമ്പേ കണ്ടു പൂമുഖത്തെ ചാരുകസേരയിൽ വായനയിൽ മുഴുകിയിരിക്കുന്ന അദ്ദേഹത്തെ, ജ്ഞാനപീഠവും, പത്മഭൂഷണും, നെഹ്റു അവാർഡും നേടിക്കഴിഞ്ഞ, 'അനുഭവങ്ങൾ പാളിച്ചകളിലൂടെയും' 'ചെമ്മീനി'ലൂടെയും 'കയറി'ലൂടെയും നമ്മുടെ ഹൃദയത്തോട് ഏറെ അടുത്തുകഴിയുന്ന ആ അനുഗ്രഹീത സാഹിത്യകാരൻ തന്നെയായിരുന്നു പൂമുഖത്ത് പുസ്തകം വായിച്ചിരുന്നത്. 'തകഴി'-ഗ്രാമത്തിന്റെ പേര് സ്വന്തം പേരാക്കി മാറ്റിയ, മലയാളികൾക്ക് ലോകമെങ്ങും അംഗീകാരം നേടിത്തന്ന സാക്ഷാൽ ശിവശങ്കരപ്പിള്ള തന്നെ.

എവിടുന്ന് വരുന്നു ?

തൊടുപുഴ നിന്നാ ഞാൻ ശബ്ദം താഴ്ത്തി പറഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു ഉച്ചത്തിൽ പറയൂ, പഴയതുപോലെ ചെവിയ്ക്ക് കേൾവിയില്ല. തൊടുപുഴ എനിക്ക് പരിചയമുള്ള സ്ഥലമാ. "ആട്ടെ ആഗമനോദ്ദേശ്യം മനസ്സിലായില്ല." അടുത്തു കിടക്കുന്ന കസേരയിൽ എന്നെ ഇരുത്തിയിട്ട് അദ്ദേഹം ചോദിച്ചു. ഞാൻ പറഞ്ഞു. തൊടുപുഴ നിന്ന് എന്നു പറയുന്നതിലുപരി അവിടുത്തെ സരസ്വതീക്ഷേത്രമായ ന്യൂമാൻ കലാലയത്തിൽ നിന്നും വന്നതാണ് ഞാൻ. കോളേജ് മാഗസിനുവേണ്ടി അങ്ങയെ ഇന്റർവ്യൂ ചെയ്യുക അതാണുദ്ദേശ്യം ഞാൻ തുടർന്നു.

**K.P. Chacko & Sons Kakkanattu Jewellers**
Thodupuzha, Kothamangalam, Perumbavoor, Muvattupuzha

അതിനെന്താ ആയിക്കോട്ടെ - എന്താ അറിയേണ്ടത്? കൃതികളെക്കുറിച്ചോ? അവാർഡുകളെക്കുറിച്ചോ?- ഉദ്വേഗഗർവ്വമായ നർമ്മരസം കലർന്ന തിരക്കൽ.

"എല്ലാത്തിനേയും കുറിച്ച്," ഞാൻ പറഞ്ഞു.

ശരി ചോദിച്ചുകൊള്ളൂ എന്ന് പറഞ്ഞ് വെറ്റിലച്ചെല്ല മെടുത്ത് വിസ്തരിച്ചൊന്ന് മുറുക്കി ചാരുകസേരയിലേയ്ക്ക് ചാഞ്ഞ്, ഇടയ്ക്ക് സഹധർമ്മിണിയെ വിളിച്ചു 'കാത്തേ, കാത്തേ' - പ്രിയതമന്റെ സ്നേഹമസൃണമായ വിളി കേട്ട അവർ തിടുക്കത്തിൽ എത്തി. ഉടനെ എന്നെ പരിചയപ്പെടുത്തി പറഞ്ഞു- "തൊടുപുഴ ന്യൂമാൻ കോളേജിൽ നിന്നും വന്ന പയ്യനാ, ഇന്റർവ്യൂ ചെയ്യാൻ. നീ ചായയെടുക്ക് ചെല്ല് -" അവർ പോയിക്കഴിഞ്ഞപ്പോൾ എന്റെ നേരെ തിരിഞ്ഞ് പറഞ്ഞു - ചോദിച്ചുകൊള്ളൂ.



+ എന്നായിരുന്നു ജനനം ? ജനിച്ച വീട് ? മാതാപിതാക്കൾ?

= 1912 മേടം 5ന്. അച്ഛൻ ശങ്കരക്കുറുപ്പും അമ്മ പാർവ്വതിയും. രണ്ടുപേരും ജീവിച്ചിരുപ്പില്ല. അമ്മ എന്റെ 31-ാം വയസ്സിലും അച്ഛൻ 36-ാം വയസ്സിലും മരിച്ചു. എന്റെ ഭാര്യ - കമലാക്ഷി - ഞാൻ കാത്തയെന്ന് വിളിക്കും.

+ അങ്ങയുടെ വിദ്യാഭ്യാസം എപ്രകാരമായിരുന്നു?

= സ്കൂൾ ഫൈനൽ പാസ്സായശേഷം തിരുവനന്തപുരം ലോ കോളേജിൽ ചേർന്ന് വക്കീൽ പരീക്ഷ പാസ്സായി. 64 വർഷങ്ങൾക്കു മുമ്പ്. അന്ന് തിരുവനന്തപുരത്ത് നന്ദൻകോട്ടയിലെ ഒരു വാടകമുറിയിലാണ് താമസിച്ചിരുന്നത്.

+ സാഹിത്യ രചന ആരംഭിച്ച കാലത്തെപ്പറ്റി പറയാമോ ?

= തിരുവനന്തപുരത്ത് താമസിച്ചിരുന്നപ്പോൾ ചെറുക ഥകളും മറ്റും എഴുതി ത്തുടങ്ങി. 1953-ൽ 'ചെമ്മീൻ' എഴുതി. അത് പ്രസിദ്ധീകരിച്ച് പ്രസിദ്ധമായപ്പോൾ രാമു കാര്യാട്ട് എന്നെ കാണാനെത്തി സിനിമയാക്കണമെന്ന അഭ്യർത്ഥനയുമായി. ഞാൻ സമ്മതം മൂളി.

+ ചെമ്മീന്റെ രണ്ടാംഭാഗം സിനിമയാക്കുന്നത് വിവാദ മായല്ലോ ?

= നാൽപത്തിനാല് കൊല്ലംമുൻപ് ഞാനെഴുതിയ 'ചെമ്മീൻ' സിനിമയാക്കി വൻവിജയം നേടി. അതിന്റെ രണ്ടാം ഭാഗം സിനിമയാക്കുന്നതിൽ എനിക്ക് യാതൊരു പങ്കും ഇല്ല. ആരൊക്കെയോവന്ന് ചെമ്മീന്റെ രണ്ടാം ഭാഗം ഇറക്കുന്നു എന്ന് പറഞ്ഞു. അതല്ലാതെ ഇതിനകത്ത് ഞാൻ കക്ഷി ചേർന്നിട്ടില്ല.

+ ചലച്ചിത്ര രംഗത്തെ ഏറ്റവും ഇഷ്ടപ്പെട്ട നടൻ?

= ചോദിക്കാനെന്തിരിക്കുന്നു, മൺമറഞ്ഞു പോയ സത്യനും നസീറും; മധുവു കൊള്ളാം

+ "ചെമ്മീനിലെ" കറുത്തമ്മയും പരീക്കുട്ടിയും തമ്മിലും, "അനുഭവങ്ങൾ പാളിച്ചകളിലെ" പ്രഭാകരനും ഭവാനിയും തമ്മിലും ഉരുത്തിരിഞ്ഞ പ്രേമം ഇത്ര ഹൃദ്യമായി എഴുതിചേർത്തത് എന്തെങ്കിലും അനുഭവങ്ങളുടെ വെളിച്ചത്തിലായിരുന്നുവോ?

= അല്ലേയല്ല; എന്തിനേറെപ്പറയുന്നു. എന്റേയും കാത്തയുടേയും വിവാഹം പോലും മാതാപിതാക്കൾ ആലോചിച്ചായിരുന്നു.

+ കഥകളിൽ മണ്ണിന്റെ ഗന്ധം കൂടുതലായി കാണുന്ന കാരണം ?

= ഞാൻ മണ്ണിനെ സ്നേഹിക്കുന്നതിനാൽ കുട്ടനാടൻ കർഷകനായ എനിയ്ക്ക് മണ്ണിനെ കൂടാതെ ഒരു ജീവിതമില്ല. കഥകളുമില്ല. അതു തികച്ചും സ്വാഭാവികമെന്ന്







ഞാൻ കരുതുന്നു. ജീവിതത്തെ മണ്ണുമായി ബന്ധപ്പെട്ടേ എനിയ്ക്ക് കാണാനാകൂ.

+ ഏതെല്ലാം അവാർഡുകൾ നേടി ?

= ജ്ഞാനപീഠം, പത്മഭൂഷൺ, നെഹ്റു അവാർഡ്, എന്നിവയാണ് പ്രധാന ബഹുമതികൾ.

+ ജ്ഞാനപീഠം കിട്ടുന്നതിന് സഹായിച്ച കൃതിയേത് ?

= അങ്ങനെ പ്രത്യേകിച്ച് എടുത്തുപറയുവാനില്ല. എങ്കിലും 'കയർ' പ്രധാനമായും പരിഗണിച്ചു. മൊത്തത്തിൽ സാഹിത്യത്തിന് നൽകിയ സംഭാവനകൾ പരിഗണിച്ചാണ് സമ്മാനങ്ങൾ.

+ 'കയർ' ഒരു ബൃഹത് നോവലല്ലേ ?

= അതെ; രണ്ടു തലമുറകളുടെ കഥ പറയുന്ന 'കയർ' മറ്റു നോവലുകളിൽ നിന്ന് നീണ്ടതാണെന്ന് പറയാം. ഒപ്പം ഏറെ സംഭവങ്ങളും അതിലേറെ കഥാപാത്രങ്ങളും.

+ ഇപ്പോൾ എഴുതിക്കൊണ്ടിരിക്കുന്ന കൃതി ?

= ആറുമാസമായിട്ട് ഒന്നും എഴുതുന്നില്ല.

+ ഏതെല്ലാം രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട് ?

= അമേരിക്ക, റഷ്യ, ജപ്പാൻ, ജർമ്മനി, മലയ, തായ്‌ലൻഡ് എന്നീ രാജ്യങ്ങൾ. ഇതിൽ അമേരിക്കയും റഷ്യയും രണ്ടു പ്രാവശ്യം സന്ദർശിക്കുകയുണ്ടായി.

+ എന്റെ സഹപാഠികൾക്ക് സന്ദേശം വല്ലതും നൽകുവാനുണ്ടോ ?

= ഉണ്ട്. നിങ്ങൾ കുട്ടികൾ പഠിക്കണം. നിങ്ങളുടെ കൈയ്യിലാണ് രാഷ്ട്രത്തിന്റെ ചുക്കാൻ നാളെ കിട്ടുക. സമരപ്രാധാന്യമുള്ള ഒരു കാലഘട്ടത്തിൽ സമരങ്ങളിൽ പങ്കെടുക്കേണ്ട എന്നു ഞാൻ നിർദ്ദേശിക്കുന്നില്ല. നീതിപൂർവ്വമായ സമരങ്ങളിൽ പങ്കാളികളാകുക. അപ്പോഴും പരമപ്രധാന ലക്ഷ്യം കൈവിടരുത് - വിദ്യാഭ്യാസമെന്ന മഹത് കർമ്മം.

ന്യൂമാൻ കലാലയത്തിലെ വിദ്യാർത്ഥികൾക്ക് വേണ്ടി അഭിമുഖത്തിന് സമയം നൽകിയ മലയാളത്തെ വിശ്വത്തോളമുയർത്തിയ തകഴിച്ചേട്ടന് നന്ദി. ഒരായിരം നന്ദി.....

# How it Happens



BIJU GEORGE H4

